# ദിവ്യ സംഗീതോത്സവം 2026

## Sacred Music Festival

**(Jointly organised by Samajam and DSMC)**



ദിവ്യശ്രീ. സി.വി. ഏബ്രഹാം കശ്ശീശായുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ മകൻ ശ്രീ. ജോർജ് സി. ഏബ്രഹാം (യു.എസ്.എ.) ഏർപ്പെടുത്തിയ എൻഡോവ്മെന്റിന്റെയും അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ സിൽവർ ജൂബിലിയോടനുബന്ധിച്ചു നൽകിയ എൻഡോവ്മെന്റിന്റെയും അടിസ്ഥാനത്തിലുള്ള ദിവ്യ സംഗീതോത്സവം സൺഡേ സ്കൂൾ സമാജത്തിന്റെയും ഡി.എസ്.എം.സി.യുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതാണ്.

## ദിവ്യസംഗീതോത്സവം ഗാനങ്ങൾ

| Group | No. | Song | Page No. | Book |
|---|---|---|---|---|
| Senior | 1 | നൃപനാം മശിഹ | 21 | കഹനൈത്ത ക്രമം |
| | 2 | ആർദ്രമതേ വാതിലിൽ (2nd Tune) | 86 | പരസ്യാരാധന ക്രമം |
| | 3 | ഏദൻതോട്ടത്തിൻ | 60 | വിശുദ്ധ വിവാഹ ശുശ്രൂഷ ക്രമം |
| | 4 | ദൈവസുതനെ സ്തുതി | 49 | പരസ്യാരാധന ക്രമം |
| Junior | 1 | ജാതികളെ ഇതിനെ കേൾപ്പിൻ | 19 | വിശുദ്ധ മാമ്മോദീസാ ശുശ്രൂഷ ക്രമം |
| | 2 | ഒന്നാം നാൾ ഉഷസ്സിൽ താൻ | 40 | പരസ്യാരാധന ക്രമം |
| | 3 | ദേവജാതനെ നിന്നുയർപ്പാൽ | 42 | പരസ്യാരാധന ക്രമം |
| | 4 | അത്യുന്നതങ്ങളിൽ വാസം | 97 | പരസ്യാരാധന ക്രമം |

## താലന്തു പരിശോധനാ ഗാനങ്ങൾ

| Vakup | Western | ക്രി.കീ NO. | Eastern | ക്രി.കീ NO. |
|---|---|---|---|---|
| Nursey | നീ ക്ഷീണിച്ചോ | 172 | | |
| Sisu Vakup Beginner | നിന്നിഷ്ടം ദേവാ | 227 | രക്ഷിതാവിനെ കാൺക | 164 |
| Bala Vakup Primary | നിൻ കരുണകൾ | 495 | അളവില്ലാ ദാനങ്ങൾ | 430 |
| Kumara Vakup Junior | മാനം മഹത്വം | 134 | യറുശലേമെൻ ഇമ്പവീടെ | 293 |
| Madhya Vakup Intermediate | കർത്താവിനെ നാം | 57 | ഒന്നേയുള്ളെനിക്ക് | 277 |
| Jeshta Vakup Senior | പാടിൻ ഇമ്പഗീതം | 113 | കാന്താ താമസമെന്തഹോ | 388 |
| Yuva Vakup Young Adults | എൻ കർത്താവേ | 432 | യേശുരാജന്റെഴുന്നള്ളത്തിൻ | 391 |

## നിബന്ധനകൾ

രണ്ടു വിഭാഗങ്ങളായാണ് സംഗീതോത്സവം നടക്കുന്നത്.

1. ജൂനിയേഴ്സ് (കുമാരവകുപ്പിലെയും മദ്ധ്യ വകുപ്പിലെയും കുട്ടികൾ).
2. സീനിയേഴ്സ് (ജ്യേഷ്ഠവകുപ്പിലെയും യുവ വകുപ്പിലെയും കുട്ടികൾ)
3. ദിവ്യസംഗീതോത്സവത്തിനുള്ള ഗാനങ്ങൾ സമാജം വെബ്സൈറ്റിൽ ലഭ്യമാണ്.
4. ഓരോ വിഭാഗത്തിലും കുറഞ്ഞത് 5 അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. പരമാവധി 7 അംഗങ്ങൾക്ക് പങ്കെടുക്കാം. ഇത് ആൺകുട്ടികളും പെൺകുട്ടികളും തനിച്ചോ, ഒരുമിച്ചോ സംഘമായി പാടാവുന്നതാണ്.
5. ഗാനാലാപനത്തിന് സംഗീതോപകരണങ്ങൾ പാടില്ല. എന്നാൽ ശ്രുതി നൽകുന്നതിന് ആവശ്യമെങ്കിൽ പിച്ച് പൈപ്പ്, മറ്റ് സംഗീത ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.
6. ഓരോ സൺഡേസ്കൂളിനും സെന്റർതലത്തിൽ രണ്ടു വിഭാഗത്തിലുമായി ഓരോ ടീമിനെ വീതം അയയ്ക്കാവുന്നതാണ്.
7. പങ്കെടുക്കുന്ന ടീമംഗങ്ങളുടെ പേരും ജനനത്തീയതിയും രേഖപ്പെടുത്തി വികാരി അച്ചൻ സാക്ഷ്യപ്പെടുത്തിയ കത്ത് ഓരോ തലത്തിലും പങ്കെടുക്കുമ്പോൾ രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്. സെന്റർ തലത്തിൽ പങ്കെടുത്തു വിജയിച്ച ടീം അംഗങ്ങൾക്ക് മാത്രമേ ഭദ്രാസന - കേന്ദ്രതലങ്ങളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
8. സെന്റർ - ഭദ്രാസനതലങ്ങളിലുള്ള ദിവ്യസംഗീതോത്സവം അതാതു തലങ്ങളിലെ താലന്തു പരിശോധനയോടൊപ്പം നടത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും ജഡ്ജസ് തീരുമാനിക്കുന്ന രണ്ടു ഗീതങ്ങൾ പാടേണ്ടതാണ്. ഗീതങ്ങൾ youtubeൽ ലഭ്യമാണ്.
samajam websiteൽ പാട്ടുകളുടെ ലിങ്ക് നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് സമാജം ആഫീസുമായി ബന്ധപ്പെടുക.

## ദിവ്യസംഗീതോത്സവം – ഗാനങ്ങൾ

### Juniors

**Song No. 01**
ജാതികളെ! ഇതിനെ - കേൾപ്പിൻ ഹാലേലുയ്യാ
യൂഹന്നാൻ സ്നാനജലത്തെ - കലർത്തീ - ടുന്നിതാ
മ്ശിഹാ ശുദ്ധം ചെയ്തിറങ്ങി - യതിൽ - മുങ്ങീടുന്നു
ജലത്തിൽ നിന്നു താൻ - കയറിയൊരുനേരം
വാനം ഭൂമി - സൂര്യൻ ചന്ദ്രനും -
താരകയോടിഹ മേഘങ്ങൾ - അവനെ - മാനിക്കുന്നു.
നദികൾ ഊറ്റുകൾ ശുദ്ധീകരിപ്പോനെ - വാഴ്ത്തീടുന്നു,
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ
ബാറെക്മോർ

**Song No. 02**
ഒന്നാംനാൾ ഉഷസ്സിൽ താൻ മഹത്ത്വത്തോടെ,
കബറിൽനിന്നുയിർത്തു സ്വർഗ്ഗേ - ഏറിയതാൽ ദൂതർ
തേജസ്സാൽ കുഴലൂതി വലഭാഗേ - താൻ
ഇരിക്കയിൽ സ്രാഫകളാം ദൂതർ - തന്നെ വന്ദിച്ചു
മാലാഖാ - കബറിൻ മുദ്രകളെ
തകർത്തതിന്റെ - കല്ലുരുട്ടീട്ടുടനെ -
ഭൂലോകക്കുയിർത്തെഴുന്നേല്പും - ജീവനുമറിയിച്ചു
ബാറെക്മാർ
ശുബഹാ
കബറിൽനിന്നുയിർത്തവനാം ദൈവസുതനേ
സ്തുതി, നീ ജാതികളിൽ സഭയെ - വേളിക്കായുറച്ചു
ജീവനാം തിരുമേനി തിരുരക്തവും
ഭാഗ്യങ്ങളുടെ മേശയതായ് അവൾക്കായ് നീ ഒരുക്കി
നിൻ ക്രൂശാൽ - അവളെ വീണ്ടതിനും
മരണത്താൽ - ജീവിപ്പിച്ചതിനും
പരിഹാരാർത്ഥം നീ നിന്നെ തന്നതിനും സ്തോത്രം
നാഥാ അനുഗ്രഹിച്ചങ്ങളെ തുണയ്ക്കണമേ.

**Song No. 03**
1 ദേവജാ - തനേ നിന്നുയിർപ്പാൽ സഭയെ
വീണ്ടോനേ! - നിൻ യോജ്യതയരുളി
ക്രൂശാലതിനെ - കാത്തീടണമേ.
2 മൃത്യു - ഏറ്റ - മല്ലൻ ക്രൂശിൽ
നിദ്രകൊ - ണ്ടു മൂന്നാംനാൾ
താനുണർന്നു - ബലവാൻ താ -
നുയിർത്തെഴുന്നു - തേജസ്സോടെ.
3 കബറിന്നുൾ - വസിച്ചപിൻ
കഷ്ടതകൾ - നീങ്ങിപ്പോയ്
പരിശ്രാന്തൻ - ശിക്ഷകളാൽ
നാശം കാണാതുയിർത്തു.
4 ശക്തിയാൽ തൻസുതനെ
ഉയിർപ്പിച്ച - താതനും
സ്തുതി തന്മ - നസ്സാലുയിർത്ത
പുത്രനും - വന്ദനം
5 മൃതരിൻ ഗേ - ഹേ തന്നെ
മാനിച്ച - റൂഹായ്ക്കും
സ്തോത്രം ത്രിത്വമതാം
ഏകന്നും - വന്ദനം
6 വിണ്ണോർ - മണ്ണോർ ഇവരെ
യോജിപ്പി - ച്ചോനെ - നിൻ
സ്വാസ്ഥ്യം തി - രു സഭയ്ക്കരുളി,
സ്ലീബായാൽ - കാത്തീടേണമേ.

**Song No. 04**
അത്യുന്നതങ്ങളിൽ വാസം ചെയ്യുന്നിലോയി ദേവാ
തിങ്ങും കരുണക്കണ്ണാൽ ഞങ്ങളെ സൂക്ഷിക്കണമേ
ശോഭിതമാം നിൻക്രൂശിൻ നിഴലിൽ ഞങ്ങളെ മറച്ചു -
കാരുണ്യത്താൽ - ഈ കൂട്ടത്തെ വാഴ്ത്തിടണമേ.

### Seniors

**Song No. 01**
നൃപനാംമശിഹാ സിംഹാസനമേറുന്നാസമയം
സൃഷ്ടികളഖിലം തിരുമുമ്പിൽ പൂകി ഭ്രമിക്കുന്നു
സർവ്വവുമവിടെ - പ്രത്യക്ഷമാകും
ന്യായാധിപനും - വിധിയും ഭീകരം
പാപി തദാ സംഭീതൻ താൻ - ധന്യൻ ദൈവാ - ശ്രിതൻ
കനിവൊടുത്തരമരുളണമേ, കർത്താവേ നാ - ഥാ -
ഹാ - ഉ - ഹാ ബാറെക്മാർ
പിതൃപുത്ര വിശുദ്ധാത്മനു സ്തുതി

**Song No. 02**
ശു. ആർദ്രമതേ - വാതിലിൽ മുട്ടുന്നു
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ
ജ. പ്രാർത്ഥനയിൻ - നാ - ദമെങ്ങളുടെ - കുറി.....
ശു. ആവശ്യത്താൽ - യാചിക്കും - ഹ - ഉ - ഹ
ജ. അടിയാരെ - നീ - വിലക്കരുതേ - കുറി....
ശു. നിന്നെ വിളി - ക്കുന്നു നായകനേ ഹ - ഉ - ഹ
ജ. നിൻ തുണയ്ക്കായി ബലഹീനർ - കുറി.....
ശു. നല്ലവനേ - കേട്ടുയാചനകൾ - ഹ - ഉ - ഹ
ജ. നൽകണമേ - നിൻ കാരുണ്യത്താൽ - കുറി.....

**Song No. 03**
ഏദൻ തോട്ടത്തിന്നുടയോനേ!
എന്നെ വേൾക്കുവാൻ വന്നവൻ നീ.
ഇളം കാറ്റത്തു കൊണ്ടുപോക -
ഉല്ലാസം എനിക്കവിടെയുണ്ട്.
കർത്തനേ, എന്നെ വേളിക്കായ് നീ -
നിശ്ചയിച്ച മണവാട്ടിയായ് ഞാൻ
വിശുദ്ധനാം സത്യമണവാളാ -
കരുണ ചെയ്കെന്നിൽ, ശരണം നീയേ
കുരിശിനാൽ കൊടുത്തെൻ സ്ത്രീധനവും -
കഷ്ടപ്പാടാൽ സ്വതന്ത്രതയും
എൻ മണവറ ഉന്നതത്തിൽ -
നിൻ വകയായ് വിളിച്ചെന്നെ നീ
കള്ളന്മാർ എന്റെ സൗന്ദര്യത്തെ -
കൊള്ളചെയ്‌വാൻ മോഹിച്ചെതിർത്തു
തിരുസ്നേഹത്താൽ മെതിച്ചവരെ -
അടിമയിൽനിന്നും ഞാൻ സ്വതന്ത്രയായി

**Song No. 04**
ദൈവസുതനെ സ്തുതിചെയ്‌വാൻ - വരുവിൻ പ്രി - യരേ -
സ്നേഹത്താൽ സഭയെ ഉയർത്തിയ - മ്ശിഹായേ! സ്തോത്രം
സൃഷ്ടികളെതൻ - നിണത്താൽ വീണ്ടോനേ
വന്നെതിരേല്പിൻ - എടുപ്പിൻ - ദീപങ്ങൾ
ദീപം തെളിയിച്ചൻപോടെ - നാമെല്ലാവ - രും
രക്ഷയിൻ സന്തോഷത്താലെ - ബലം ധരിച്ചീടേ - ണം
ഹാലേലുയ്യാ - സ്തോത്രം പാടീടുവിൻ -
ബാറെക്മാർ
ശുബഹോ